സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന്റെ നിലവിലെ സ്ഥിതി

205 (897) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊക്കകോള കമ്പനിയുടെ പ്രവർത്തനഫലമായി ദുരിതം നേരിട്ടവർക്ക് ആശ്വാസവും നഷ്ടപരിഹാരവും നൽകുന്നതിനായി ട്രിബ്യൂണൽ രൂപീകരിക്കാൻ സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

(ബി) ഈ ബില്ലിൽ രാഷ്ട്രപതി വിശദീകരണം ആവശ്യപ്പെട്ടുകയോ, ബില്ലിൽ ഒപ്പുവയ്ക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) ബില്ലിന് അംഗീകാരം ലഭിക്കുന്നതിനുണ്ടായ തടസ്സങ്ങൾ എന്തൊക്കെയാണെന്നും, അത് പരിഹരിക്കാനായി സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തനഫലമായി ദുരിതം നേരിട്ടവർക്ക് ആശ്വാസവും നഷ്ടപരിഹാരവും നൽകുന്നതിനായി സ്പെഷ്യൽ ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന നിയമസഭ പാസ്സാക്കിയ "പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് & കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011" രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. പരിസ്ഥിതി നിയമലംഘനം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി ഭരണഘടന അനുശാസിക്കും പ്രകാരം ദേശീയ ഹരിത ട്രിബ്യൂണൽ (NGT) ആക്ട് രൂപീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, കൊക്കകോള കമ്പനിയുടെ പ്രവർത്തനഫലമായുണ്ടാകുന്ന ദുരിതങ്ങൾക്കുള്ള നഷ്ടപരിഹാരത്തിനായി പ്രസ്തുത ട്രിബ്യൂണലിനെ സമീപിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ കേന്ദ്ര ആഭ്യന്തരമന്ത്രാലയം പ്രസ്തുത കരട് ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനു സമർപ്പിക്കാതെ നിരാകരിച്ചു. കേന്ദ്ര സർക്കാരിന്റെ ഈ നടപടി സംബന്ധിച്ചും ഇതിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ചും സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിസ്ഥിതി നിയമലംഘനം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി ദേശീയ ഹരിത ട്രിബ്യൂണൽ (NGT) ആക്ട് രൂപീകരിച്ചിട്ടുള്ളതിനാലാണ് കേന്ദ്രസർക്കാർ കേരള നിയമസഭ പാസ്സാക്കി സമർപ്പിച്ച കരട് ബില്ല് നിരാകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി സംബന്ധിച്ചും ഇതിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ചും സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

കായംകുളം മണ്ഡലത്തിലെ ജലവകുപ്പ് പ്രവൃത്തികൾ

206 (898) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം അസംബ്ലിമണ്ഡലത്തിൽ ജലവകുപ്പ് 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനായി പദ്ധതി

207 (899) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിണറുകൾ റീചാർജ്ചെയ്യുന്നതിനായി പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വിശദമാക്കുമോ ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ-സി) ഉണ്ട്. ജലല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ജലവകുപ്പ് 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മഴവെള്ളം സംഭരിച്ച് ഊറ്റ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കൃത്രിമമായി ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, മഴക്കുഴികൾ മുതലായവയും ഊറ്റ കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ ഊറ്റ കിണർ പരിപോഷിപ്പിക്കുന്ന പദ്ധതിയും വരൾച്ച സമയത്തെ ജലദൗർലഭ്യം പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്നു. പ്രധാനമായും ഭൂജല വകുപ്പാണ് നടപ്പിലാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly